# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/262/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 10/05/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/262/2023 തീയ്യതി: 10/05/2023

# കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-04-2023 | 24-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2023 | 24-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായ്ക് പി, ഓഡിറ്റ് ഓഫീസർ
ജയാനന്ദ എച്ച് , ഓഡിറ്റ് ഓഫീസർ
യാദവകുമാര സി എച്ച്, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ജെന്ന കുര്യാക്കോസ്, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ കെ സി, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷമീന ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അനുപം എസ് | സെക്രട്ടറി | 01-04-2021 | 15-05-2021 |
| ബിജു മാത്യു പി | സെക്രട്ടറി | 17-05-2021 | 05-08-2021 |
| ശ്രീജ ജഗദംബ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-08-2021 | 23-09-2021 |
| അനുപം എസ് | സെക്രട്ടറി | 24-09-2021 | 18-10-2021 |
| ശ്രീജ ജഗദംബ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-10-2021 | 02-02-2022 |
| രമാദേവി എസ് | സെക്രട്ടറി | 03-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുനിൽകുമാർ വി | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 05-10-2021 |
| അരുൺ എസ് | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | 06-10-2021 | 31-03-2022 |
| ജിയോ ആന്റണി ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 11-10-2021 |
| ലെനിൻ ഇ റ്റി | അസിസ്റ്റന്റ് എഞ്ചിനിയർ | 12-10-2021 | 31-03-2022 |
| നഫീസത്ത് ഹംഷീന ബി എച്ച് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 07-10-2021 |
| റിങ്കു പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 07-10-2021 | 09-12-2021 |
| അഞ്ജന അജയകുമാർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-12-2021 | 22-02-2022 |
| സത്യൻ വി എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 22-02-2022 | 31-03-2022 |
| ജ്യോതി പി | ശിശുവികസനപദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രാധിക സോമൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മഞ്ചേശ്വരം | 01-04-2021 | 31-03-2022 |
| ഡോ.ഷാന്റി കെ കെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മംഗൽപാടി | 01-04-2021 | 31-03-2022 |
| തിരുമലേഷ പി കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| രാജേഷ് ജി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2021 | 12-07-2021 |

| | | | |
|---|---|---|---|
| ധനലക്ഷ്മി എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 12-07-2021 | 22-07-2021 |
| മധു ടി | പട്ടികവർഗ്ഗ വികസന ഓഫീസർ | 23-07-2021 | 31-03-2022 |
| അജയൻ എസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |

,

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക പരിശോധന- നിരീക്ഷണങ്ങൾ | 1-2 |
| 3 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. | 1-2-1 |
| 4 | ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക ധനകാര്യപത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-2 |
| 5 | അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല. | 1-2-3 |
| 6 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-4 |
| 7 | വാർഷികകണക്കുകളിലെ പൊതുഅപാകതകൾ | 1-2-5 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | ലൈഫ് ഭവന പദ്ധതിയ്ക്ക് സ്ഥലം വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-9 |
| 15 | വാടക രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. | 1-10 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-11 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ. | 1-12 |
| 18 | നെൽകൃഷിക്ക് കൂലി ചെലവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-13 |
| 19 | പച്ചക്കറികൃഷിക്ക് കൂലി ചെലവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-14 |
| 20 | ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-15 |
| 21 | മംഗൽപാടി സി.എച്.സി യിലേക്ക് ജനറേറ്റർ വാങ്ങൽ-അപാകത | 1-16 |
| 22 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-വിനിയോഗ സാക്ഷ്യപത്രം | 1-17 |

| | | |
|---|---|---|
| | പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | |
| 23 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലുള്ള സ്കൂട്ടർ വാങ്ങി നൽക്കൽ പദ്ധതി-അപാകതകൾ (TSP&SCP) | 1-18 |
| 24 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക്-ഹാജരാക്കിയിട്ടില്ല. | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ്പാ/വായ്പ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1 ; തി: 20.02.2021 | 1/1 ; തി: 30.03.2022 |
| മുന്നിരിപ്പ് | 65,00,000 | 83,95,189 |
| വരവ് | 31,23,18,008 | 25,74,07,373 |
| ആകെ | 31,88,18,008 | 26,58,02,562 |
| ചെലവ് | 31,83,30,008 | 25,87,33,645 |
| നീക്കിയിരിപ്പ് | 4,88,000 | 70,68,917 |

## 1-2 വാർഷികധനകാര്യ പത്രിക പരിശോധന- നിരീക്ഷണങ്ങൾ

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ അനന്തര നടപടികൾക്കായി ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-2 ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക ധനകാര്യപത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂളിൽ " ലോൺ, അഡ്വാൻസ്, ഡെപ്പോസിറ്റ് " എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| ഭൂജല വകുപ്പ് കാസറഗോഡ് | പ്രൊ.നം.72/22 മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള ടാങ്ക് നിർമ്മാണം. | ₹12,67,865/- |

നിക്ഷേപപ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 18 -Loans, Advances And Deposits-ൽ ആണ് ഈ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യേണ്ടത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക അഡ്വാൻസ് ഹെഡിൽ നിന്ന് ആസ്തി ഹെഡിലേക്ക് മാറ്റുകയും ചെയ്യും. 2021-22 AFS ൽ B-18-ൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-3 അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല.

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ

പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-2-4 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-5 വാർഷികകണക്കുകളിലെ പൊതുഅപാകതകൾ

1)ബാലൻസ് ഷീറ്റിൽ ₹5,79,558/- ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസി. എക്സി. എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പാർട്ട് ബില്ലുകളുടെ ആകെ തുക ₹51,03,262/- ആണ്.

മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2)വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms 98,350/- രൂപ, വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ACR രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 3,67,13,890 |
| വരവ് | 8,84,39,579 |
| ആകെ | 12,51,53,469 |
| ചെലവ് | 7,71,18,471 |
| നീക്കിയിരിപ്പ് | 4,80,34,998 |

### 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 20 21-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,70,82,188 | 3,70,82,188 | 2,84,93,120 | 85,89,068 | 76.83 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,03,48,000 | 1,03,48,000 | 78,19,592 | 25,28,408 | 75.56 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 66,35,000 | 66,35,000 | 44,93,035 | 21,41,965 | 67.71 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,15,62,020 | 1,15,62,020 | 1,01,18,783 | 14,43,237 | 87.51 |
| ധനകാര്യ | ട്രഷറി-0 | 26,46,820 | 26,46,820 | 6,53,568 | 19,93,252 | 24.69 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്(untied) | ബാങ്ക്-0 | 65,60,000 | 65,60,000 | 64,38,176 | 1,21,824 | 98.14 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied) | ബാങ്ക്-0 | 98,40,000 | 98,40,000 | 0 | 98,40,000 | 0 |
| | ട്രഷറി- | 78,11,684 | 78,11,684 | 4,96,605 | 73,15,079 | 06.35 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,84,51,672 | 2,84,51,672 | 2,84,51,672 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 78,19,592 | 78,19,592 | 78,19,592 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 44,93,035 | 44,93,035 | 44,93,035 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,01,18,783 | 1,01,18,783 | 1,01,18,783 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Basic) | 0 | 66,61,153 | 66,61,153 | 56,76,216 | 9,84,937 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(Tied) | 0 | 98,40,000 | 98,40,000 | 0 | 98,40,000 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 10,00,000 | 56,36,000 | 66,36,000 | 56,36,000 | 10,00,000 |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 1,83,45,411 | 8,32,945 | 1,91,78,356 | 8,06,798 | 1,83,71,558 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 17,03,861 | 22,94,000 | 39,97,861 | 12,72,909 | 27,24,952 |
| Centrally Sponsored Scheme-IAY | 9,75,431 | 7,38,753 | 17,14,184 | 21,000 | 16,93,184 |
| Centrally Sponsored Scheme-TSC | 22,11,214 | 52,379 | 22,63,593 | 0 | 22,63,593 |
| Nirmal Puraskar | 5,78,702 | 0 | 5,78,702 | 0 | 5,78,702 |
| എസ്.ബി.ടി- | 15,61,019 | 98,957 | 16,59,976 | 56267 | 16,03,709 |

| | | | | | |
|---|---|---|---|---|---|
| പ്ലാൻ 57052124423 | | | | | |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ(SHG)9543 | 8824 | 265 | 9,089 | 0 | 9,089 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-7439 | 5,28,832 | 15,907 | 5,44,739 | 0 | 5,44,739 |
| എസ്.ബി.ടി-IAYപ്ലാൻ-5559 | 2,71,04,895 | 7,38,753 | 2,78,43,648 | 21,000 | 2,78,22,648 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-TSC-8831 | 16,28,435 | 48,981 | 16,77,416 | 88 | 16,77,328 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-സംസ്ഥാന വിഹിതം-2066 | 41,78,922 | 1,25,698 | 43,04,620 | 0 | 43,04,620 |
| IAY-TSC യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-847 | 1,12,963 | 3,398 | 1,16,361 | 0 | 1,16,361 |
| SBI MGNREGA-1883 | 0 | 1,31,567 | 1,31,567 | 0 | 1,31,567 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 11,76,82,582 | 97 | 6,20,96,484 | 0 | 28 | 71.85 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 24 | 2,35,68,460 | 18 | 1,39,44,775 | 59.16 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസി.എക്സി.എഞ്ചിനീയർ | 8 | 2,16,95,083 | 4 | 44,59,435 | 20.55 |
| 3 | അസി.എഞ്ചിനീയർ | 58 | 3,14,50,247 | 35 | 1,47,32,192 | 46.84 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 5 | 27,15,500 | 4 | 20,27,602 | 74.67 |
| 5 | പട്ടികജാതി വികസന ഓഫീസർ | 4 | 34,30,000 | 3 | 29,74,292 | 86.71 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മംഗൽപാടി | 13 | 1,55,84,477 | 13 | 1,12,33,695 | 72.08 |
| 7 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മഞ്ചേശ്വരം | 12 | 29,69,302 | 12 | 27,64,733 | 93.11 |
| 8 | പട്ടികവർഗ്ഗ വികസന ഓഫീസർ | 3 | 19,15,500 | 3 | 17,65,500 | 92.16 |
| 9 | വ്യവസായ വികസന ഓഫീസർ | 3 | 48,19,000 | 0 | 0 | 0 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 21,45,821 | 2 | 18,13,448 | 84.51 |
| 11 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 3 | 73,89,192 | 3 | 63,80,812 | 86.35 |
| | ആകെ | 135 | 11,76,82,582 | 97 | 6,20,96,484 | 52.76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1,31,567 | 1,31,567 | 0 | 1,31,567 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2023ന് 4 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ജോയിന്റ് ബി ഡി ഒ | 2 |
| 3 | ഹെഡ് ക്ലർക്ക് | 1 |
| 4 | ഹെഡ് അക്കൗണ്ടന്റ് | 1 |

| | | |
|---|---|---|
| 5 | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 |
| 6 | എക്സ്റ്റൻഷൻ ഓഫീസർ (വനിത ക്ഷേമം) | 1 |
| 7 | എക്സ്റ്റൻഷൻ ഓഫീസർ (പ്ലാൻ & മോണിട്ടറിങ്) | 1 |
| 8 | ക്ലർക്ക് / സീനിയർ ക്ലർക്ക് | 3 |
| 9 | വി.ഇ.ഒ ഗ്രേഡ് I /II | 10 |
| 10 | ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 |
| 11 | ഡ്രൈവർ | 1 |
| 12 | ഓഫീസ് അസിസ്റ്റന്റ് | 1 |

വി.ഇ.ഒ. യുടെ 04 തസ്തികകളും, പി.റ്റി.എസ്. ന്റെ 02 തസ്തികകളും നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്.

31.10.2019 ലെ ഇ1-16/2019 നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിന് സാംഖ്യ, സുലേഖ, സകർമ്മ തുടങ്ങിയ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നുണ്ട് .

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി 12 പ്രാവശ്യവും വികസന സ്റ്റാന്റിങ് കമ്മിറ്റി 09 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി 12 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി 08 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്ന തിയതികൾ ചുവടെ ചേർക്കുന്നു.

03/21 (03.04.21), 04/21 (വിശദാംശങ്ങൾ ചേർത്തിട്ടില്ല), 05/21 (02.06.21), 06/21 (12.07.21), 07/21 (25.08.21), 08/21 (30.09.21), 09/21 (29.10.21), 10/21 (26.11.21), 11/21 (27.12.21), 12/21 (21.01.22), 01/22 (15.02.22), 02/22 (05.03.22). മാർച്ച് 21, മെയ് 21,ഫെബ്രുവരി 22 എന്നീ മാസങ്ങളിലൊഴികെ വരവ്-ചെലവുകൾ , തൊട്ടടുത്ത മാസം പത്താം തിയതിക്കകം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി അംഗീകരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. 2021 ഏപ്രിൽ മാസത്തെ കണക്കുകൾ, കമ്മറ്റി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെ പങ്കെടുപ്പിക്കുന്നുണ്ട്.

ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-2022സാമ്പത്തിക വർഷം ,27.05.21, 16.09.21, 03.11.21, 18.12.21, 05.01.22, 04.02.22, 10.03.22എന്നീ തിയതികളിലായി 07 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

അക്കൗണ്ടിങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ് രേഖയിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കുന്നുണ്ടങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ

കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്.

മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സ്ഥാപനത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

06.02.2021 തിയതിയിൽ ബ്ലോക്ക് തല ഗ്രാമസഭ കൂടിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 വർഷത്തിൽ, 24.11.21, 20.01.22, 19.02.22, 25.02.22, 16.03.22, 25.03.22, 31.03.22 തിയതികളിലായി, ആകെ 07 തവണ യോഗം ചേർന്നിട്ടുണ്ട്. സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം പാലിക്കുന്നുണ്ട്.

സ്ഥാപനത്തിൽ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിക്കുന്നുണ്ട്. ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

**1-9 ലൈഫ് ഭവന പദ്ധതിയ്ക്ക് സ്ഥലം വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S00187/22 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്ത്കൾക്ക് നൽകൽ |
| ചെലവ് | 16,60,000/- |
| ബിൽ നമ്പർ & തിയതി-ഉക | 21200663007601088965/8.2.2022-2,60,000/- |
| | 21200652010801474803/26.3.2022-14,00000/- |

ലൈഫ് ഭവന പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്ത്കൾക്ക് നൽകൽ പദ്ധതി പ്രകാരം 2,60,000/- മീഞ്ച ഗ്രാമ പഞ്ചയത്തിലേക്കും ( അക്കൗണ്ട് നമ്പർ 79901310000000261) 14,00000/-രൂപ മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിലേക്കും, ( അക്കൗണ്ട് നമ്പർ 6871010000849) അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തികരിച്ചതിന്റെ രേഖകൾ,തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 16,60,000/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 6/19.4.2023 )

**1-10 വാടക രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.**

2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ 1,54,179/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് വാടക പിരിച്ചെടുക്കുന്നത് എന്നതു സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല , വാടക ഈടാക്കുന്നതു

സംബന്ധിച്ച ബൈലോ എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. കുടിശ്ശിക തുക പിരിച്ചെടുത്ത് ആയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 24.04.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-13) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം. | SO12//22 |
| പ്രോജക്ടിന്റെ പേര് | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണ ധനസഹായം പട്ടികജാതി |
| അടങ്കൽ | 8,00,000 – വികസന ഫണ്ട് -എസ്.സി.പി |
| ചെലവ് തുക | 4,25,000 – വികസന ഫണ്ട് -എസ്.സി.പി |
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 2120066300660110587 / 11.02.2022, Rs.1,00,000/- |
| | 2120066300660122522 / 28.02.2022, Rs.75,000/- |
| | 2120066300660130131 / 11.03.2022, Rs.50,000/- |
| | 2120066300660150414 / 29.03.2022, Rs.75,000/- |
| | 2120066300660151676 9 / 30.03.2022, Rs.50,000/- |
| | 2120066300660152715 8 / 30.03.2022,Rs.75,000/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം പ്രോജക്ടുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു

എസ്.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ സബ്സിഡി നൽകുന്നതാണ് മേൽ പദ്ധതി. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തീയ്യതി. |
|---|---|---|---|
| 1 | രാമ.ബി.സി S/o ചോമ ശ്രീഹരിനിലയ ബാഡൂർ പദവ് വീട് | 50,000/- | 30.03.2022 |
| | | 75000 | 04.06.2022 |

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകത പരിഹരിക്കുന്നതിനാവശ്യമായ പഠനമുറി പൂർത്തീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11.തീയ്യതി.24.04.2023)

## 1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം | 1) SO012//22 , 2) SO131//22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം.22/2018/തസ്വഭവ തീ. 14.02.2018 സബ്സിഡി മാർഗരേഖ അനുബന്ധ ഉത്തരവ് പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിക്കേണ്ടത്. പദ്ധതിയുടെ വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ സമർപ്പിച്ച എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണോ നിർമ്മാണം നടത്തിയത് എന്നത് വ്യക്തമല്ല. ഉദാഹരണമായി വിവിധ അപേക്ഷകളോടൊപ്പം ഹാജരാക്കാത്ത രേഖകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ.SO12//22- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

ഫണ്ട് - വികസന ഫണ്ട് -എസ്.സി.പി

അടങ്കൽ - 8,00,000/-

ചെലവ് തുക –4,25,000/-

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 21200663006601110587 / 11.02.2022, Rs.1,00,000/- |
| | 21200663006601222522 / 28.02.2022, Rs.75,000/- |
| | 21200663006601301131 / 11.03.2022, Rs.50,000/- |
| | 21200663006601504114 / 29.03.2022, Rs.75,000/- |
| | 21200663006601516769 / 30.03.2022, Rs.50,000/- |
| | 21200663006601527158 / 30.03.2022,Rs.75,000/- |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1 | നിമ്മി നാരായണൻ<br>D/o നാരായണൻ.എം<br>നിമ്മി നിലയ, മുകാരിക്കണ്ടം<br>എടനാട്, പുത്തിഗെ | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ, വാല്യുവേഷൻ സർട്ടിഫിക്കറ്റ് (1,26,000/-രൂപയുടെ വാല്യവേഷൻ മാത്രം) |
| 2 | ദിവ്യശ്രീ<br>D/o നളിനി, കുഞ്ചത്തൂർ<br>മഞ്ചേശ്വരം | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ, എസ്റ്റിമേറ്റ്, |
| 3 | ഭവിത് കുമാർ എം<br>S/o ശങ്കര എം<br>കൊടിമൂലെ, മുകാരിക്കണ്ട, എടനാട് | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി |
| 4 | രാമ.ബി.സി<br>S/o ചോമ<br>ശ്രീഹരിനിലയ<br>ബാഡൂർ<br>പദവ് വീട് | എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, നിർമ്മാണത്തിന്റെ പെർമിറ്റ് / എൻ.ഒ.സി, |

2) പ്രോജക്ട് നമ്പർ.SO131//22- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

ഫണ്ട് - വികസന ഫണ്ട് -എസ്.സി.പി

അടങ്കൽ - 7,50,000/-

ചെലവ് തുക – 7,44,292/-

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 21200663006600239649 / 27.07.2021, Rs.69,292/- |
| | 21200663006600343388 / 25.08.2021, Rs.2,25,000/- |
| | 21200663006600579753 / 28.10.2021, Rs.75,000/- |
| | 21200663006600835451 / 23.12.2021, Rs.75,000/- |
| | 21200663006600943405 / 13.02.2022, Rs.1,50,000/- |
| | 21200663006601110577 / 11.02.2022, Rs.75,000/- |
| | 21200663006601504110 / 29.03.2022, Rs.75,000/- |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1 | സൗമ്യ കൊണ്ടൻചിൽ മഞ്ചിബെയിൽ , | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ |
| 2 | അജിത് കുമാർ.സി.പി S/o ചനിയ.പി.എ ബാഡൂർപാടി, ഹൗസ് | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ |
| 3 | ബ്രിജേഷ് S/o സുന്ദര ബാഡൂർപാടി, ഹൗസ് | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ, |
| 4 | ജനാർദ്ദന എച്ച്. ഹെഡരിക്കട്ടെ ഹൗസ് എടനാട്.പി.ഒ | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ |
| 5 | ഉർവശി D/o ലീല കാമനബെയിൽ ഹൗസ് | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ |
| 6 | സദാശിവ കാമനബെയിൽ ഹൗസ് | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ |

മേൽ അപാകതകൾ സംബന്ധിച്ച് 24.04.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-12) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 11,69,292/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-13 നെൽകൃഷിക്ക് കൂലി ചെലവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | S0014//22 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലി ചെലവ് |
| അടങ്കൽ | 54,23,000 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 46,76,760- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലി ചെലവ് (പ്രൊജക്ട് നമ്പർ.S0014/22). എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 46,76,760/-രൂപ പിൻവലിച്ച് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷി ചെയ്ത കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 20149156022l001 / 24.11.2021 | 8,50,000 | വോർക്കാടി ഗ്രാമപഞ്ചായത്ത് |
| 2 | 2120066300690072 / 30.11.2021 | 8,80,000 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| 3 | 2120066300690072 / 30.11.2021 | 6,80,000 | മീഞ്ച ഗ്രാമപഞ്ചായത്ത് |
| 4 | 2014915560221000 2 / 27.11.2021 | 3,40,000 | എൻമകജെ ഗ്രാമപഞ്ചായത്ത് |
| 5 | 201491560221000 3 / 27.11.2021 | 7,70,000 | പൈവളികെ ഗ്രാമപഞ്ചായത്ത് |
| 6 | 2120066300690127 6144 / 08.03.2022 | 6,05,000 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് |
| 7 | 2120066300690143 7876 / 24.03.2022 | 5,51,760 | മംഗൽപാടി ഗ്രാമപഞ്ചായത്ത് |
| | ആകെ | 46,76,760 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 19.04.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-02) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആതിനാൽ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 46,76,760/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-14 പച്ചക്കറികൃഷിക്ക് കൂലി ചെലവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | S0015//22 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറികൃഷിക്ക് കൂലി ചെലവ് |
| അടങ്കൽ | 4,20,000 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 3,12,500- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ പച്ചക്കറികൃഷിക്ക് കൂലി ചെലവ് (പ്രൊജക്ട് നമ്പർ.S0015/22). എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 3,12,500/-രൂപ പിൻവലിച്ച് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് പച്ചക്കറികൃഷി ചെയ്ത കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 201491560221001 4 / 09.03.2022 | 1,00,000 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| 2 | 201491560221001 2 / 17.03.2022 | 70,000 | പൈവളികെ ഗ്രാമപഞ്ചായത്ത് |
| 3 | 201491560221000 9 / 09.03.2022 | 42,500 | വോർക്കാടി ഗ്രാമപഞ്ചായത്ത് |
| 4 | 201491560221001 0 / 22.03.2022 | 1,00,000 | മംഗൽപാടി ഗ്രാമപഞ്ചായത്ത് |
| | ആകെ | 3,12,500 | |

